# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2024 നവംബർ 17**

---

## എം.ജി സർവകലാശാലയിൽ സർട്ടിഫിക്കറ്റുകൾ ഉപേക്ഷിക്കപ്പെട്ടെന്ന വാർത്ത വാസ്തവ വിരുദ്ധം

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ ബിരുദ സർട്ടിഫിക്കറ്റുകൾ ചവറു കൊട്ടയിൽ കണ്ടെത്തിയതായും കൂടുതൽ സർട്ടിഫിക്കറ്റുകൾ അയയ്ക്കാതെ കൂട്ടിയിട്ടിരുന്നതായും മലയാള മനോരമ ദിനപ്പത്രം ഇന്ന്(നവംബർ 17) പ്രസിദ്ധീകരിച്ച വാർത്ത വാസ്തവവിരുദ്ധമാണെന്ന് സർവകലാശാലാ പരീക്ഷാ കൺട്രോളർ ഡോ. സി.എം. ശ്രീജിത്ത് അറിയിച്ചു. 2024 ജനുവരി മാസത്തിൽ മൂന്ന് ഡിഗ്രി സർട്ടിഫിക്കറ്റുകൾ സമയബന്ധിതമായി വിദ്യാർഥികൾക്ക് അയയ്ക്കുന്നതിൽ ജാഗ്രതക്കുറവുണ്ടായതായി കണ്ടെത്തിയതിനെത്തുടർന്നാണ് ഡെസ്പാച്ച് വിഭാഗത്തിലെ സൂപ്രണ്ടിനെ മാറ്റിയതെന്നും അദ്ദേഹം വ്യക്തമാക്കി.*

*ഡിഗ്രി സർട്ടിഫിക്കറ്റുകൾ തയ്യാറാക്കുന്ന സെക്ഷനുകളിൽനിന്നും വൈസ് ചാൻസലർ ഒപ്പിട്ട സർട്ടിഫിക്കറ്റുകൾ ഒന്നിച്ച് ഒരു കവറിലാക്കി ഡെസ്പാച്ച് വിഭാഗത്തിലേക്ക് നൽകുകയും അവിടെനിന്ന് വിദ്യാർഥികൾക്ക് അയച്ചുകൊടുക്കുകയുമാണ് ചെയ്യുന്നത്. സർട്ടിഫിക്കറ്റുകൾ എടുത്തശേഷം ഇതേ ആവശ്യത്തിന് വീണ്ടും ഉപയോഗിക്കുന്നതിനായി ഈ കവറുകൾ സെക്ഷനുകളിലേക്ക് തിരികെ എത്തിക്കും.*

*ഇങ്ങനെ തിരികെ എത്തിച്ച രണ്ടു കവറുകളിലൊന്നിൽ ഡെസ്പാച്ച് വിഭാഗത്തിൽ എടുക്കാൻ വിട്ടുപോയ മൂന്ന് ഡിഗ്രി സർട്ടിഫിക്കറ്റുകൾ ജീവനക്കാർ കണ്ടെത്തിയിരുന്നു. ഇക്കാര്യം റിപ്പോർട്ടു ചെയ്തതിനെത്തുടർന്ന് സർട്ടിഫിക്കറ്റുകൾ വിദ്യാർഥികൾക്ക് അടിയന്തരമായി അയയ്ക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തു. കവറുകൾ പുനരുപയോഗിക്കുന്നതിനു മുൻപ് പരിശോധിക്കുന്നതുകൊണ്ടുതന്നെ സർട്ടിഫിക്കറ്റുകൾ നഷ്ടപ്പെടുന്ന സാഹചര്യമില്ല.*

*തപാൽ സ്റ്റാമ്പിന്റെ ദൗർലഭ്യം മൂലം ഈ കാലയളവിൽ വിദ്യാർഥികൾക്ക് സർട്ടിഫിക്കറ്റുകൾ അയയ്ക്കുന്നതിൽ കാലതാമസം നേരിട്ടിരുന്നു. ഇതിനെത്തുടർന്നാണ് ഒരേ സമയം കൂടുതൽ സർട്ടിഫിക്കറ്റുകൾ സ്പീഡ് പോസ്റ്റിൽ അയയ്ക്കേണ്ടിവന്നതെന്നും പരീക്ഷാ കൺട്രോൾ അറിയിച്ചു.*

*(പി.ആർ.ഒ/39/1040/2024)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**